നം - എൻ2/49655/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 23/02/2017
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് തെറ്റായ ബാങ്ക് അക്കൗണ്ട്/ആധാർ നമ്പർ - തെറ്റ് തിരുത്തൽ - നിർദ്ദേശം നൽകുന്നത്.

സൂചന :-

കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകളിൽ തെറ്റായ വിവരങ്ങൾ (ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ) രേഖപ്പെടുത്തിയിട്ടുള്ളതും, ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ള കുട്ടികളുടെ പേരുവിവരങ്ങൾ വെബ്സൈറ്റിൽ/നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനതല പരിശോധനകൾ പൂർത്തിയാക്കി, സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായുള്ള കൺഫർമേഷൻ നൽകുന്ന ജോലികൾ ആണ് ഇപ്പോൾ ചെയ്തു വരുന്നത്. സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ വളരെ ശ്രദ്ധയോടെയും, കൃത്യമായ വിവരങ്ങൾ നൽകിയും മാത്രമേ ഓൺലൈൻ ആയി സമർപ്പിക്കാൻ പാടുള്ളൂവെന്ന് നിരവധി പ്രാവശ്യം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ലഭ്യമായ പട്ടിക പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ഉള്ള ധാരാളം കുട്ടികളുടെ അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഒരു ആധാർ നമ്പർ ഒന്നിലധികം കുട്ടികൾക്ക് രേഖപ്പെടുത്തുക
2. ഒന്നിലധികം കുട്ടികൾക്ക് ഒരേ ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുക.
3. ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളവർ.
4. ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാതിരിക്കുക.

**മേൽപ്പറഞ്ഞ അപാകതകൾ എന്തെങ്കിലും ഉണ്ടായിട്ടുള്ള അപേക്ഷകർ എത്രയും വേഗം തെറ്റ് തിരുത്തുന്നതിനുവേണ്ടി ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. ഇ-മെയിൽ വഴിയും വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.**

ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഇപ്പോഴും പരിശോധനയ്ക്ക് ലഭിക്കുന്നുണ്ടോയെന്ന് എല്ലാ ദിവസങ്ങളിലും NSP-2.0 പരിശോധിക്കുകയും ലഭ്യമായ അപേക്ഷകൾ പൂർണ്ണമായും പരിശോധന നടത്തിയിട്ടുണ്ടെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് - 1. എല്ലാ ഡി.ഡി.മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും
3. എല്ലാ എ.ഇ.ഒ മാർക്കും
4. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂളധികാരികൾക്കും